നം.കെ.എസ്.എ-കെ.ടി.എം.പി-9.1210/2017 തീയതി 14.08.2017

# കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 10.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 18.07.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 18.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നടരാജൻ പി.ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. എ.കെ.ആലിച്ചൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ജി.വിജയൻ | 01.04.2016 മുതൽ 23.04.2016 വരെ |
| | ശ്രീ.ജയകുമാർ ബി.റ്റി.(സെക്രട്ടറി ഇൻ -ചാർജ്) | 24.04.2016 മുതൽ 17.05.2016 വരെ |
| | ശ്രീ.ജി.വിജയൻ | 18.05.16 മുതൽ 31.05.16 വരെ |
| | ശ്രീ.ജയകുമാർ ബി.റ്റി | 01.06.16 മുതൽ 17.07.16 വരെ |
| | ശ്രീ.അരുൺ കുമാർ എൻ. | 18.07.16 മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ഡെൽഫിന ജോർജ്ജ് | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജയകുമാർ ബി.റ്റി. | 01.04.2016 മുതൽ 30.09.2016 വരെ |
| | അൻസു ഒ.എ. | 20.10.2016 മുതൽ 27.01.2017 വരെ |
| | ശ്രീ.സലീം കെ.എച്ച്. | 28.01.17 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി സിന്ധു | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സോജ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| വി.ഇ.ഒ. | ശ്രീ.സജിത് കെ.എബ്രഹാം | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. അമ്പിളി ടോം | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി ത്രേസ്യാമ്മ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ശശിധരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | ശ്രീ.അന്ന ജി.വർഗ്ഗീസ് | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | മൊബൈൽ ടവർ-ഉപയോഗപ്പെടുത്തുന്ന മുഴവൻ ഭാഗത്തേയും നികുതി ചുമത്തുന്നില്ല |
| 2-3 | ബി.എസ്.എൻ.എൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി |
| 2-4 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 2-5 | ഹൗസ് ബോട്ട് ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-6 | വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്ന |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഐ.എസ്.ഒ.അനുബന്ധ പ്രവർത്തനങ്ങൾ-മരാമത്ത് ചട്ടങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തി. നിർവ്വഹണ ഏജൻസിയ്ക്ക് അധികം തുക നൽകി |

| | |
|---|---|
| 3-2 | വിവിധ പ്രവൃത്തികൾ--നിർവ്വഹണത്തിൽ അപാകതകൾ |
| 3-3 | അയ്മനം കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ വാങ്ങൽ--ഒഴിവാക്കാമായിരുന്ന ചെലവ് |
| 3-4 | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി--നോഡൽ ഏജൻസിയിൽ നിന്നും ലഭിക്കേണ്ട തുക ലഭ്യമായിട്ടില്ല |
| 3-5 | ഇ-ടെണ്ടർ-ടെണ്ടർ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 3-6 | പി.എച്ച്.സി.യ്ക്ക് ഫർണ്ണീച്ചർ വാങ്ങൽ ആവശ്യകത നിർണ്ണയിച്ചിട്ടില്ല--നിലവിൽ ഉപയോഗശൂന്യം--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-7 | പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ--പുനരുദ്ധാരണത്തിന് പണം ചെലവഴിച്ചു |
| 3-8 | ആശ്രയ--പദ്ധതിപണം ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 3-9 | ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്--ബ്ലോക്ക് പഞ്ചായത്ത് വിഹിതം--നാളിതുവരെ ഗുണഭോക്താക്കൾക്ക് |
| 3-10 | അങ്കണവാടി പോഷകാഹാരം--ബിൽ പ്രകാരമുള്ള മുഴുവൻ സാധനങ്ങളും ലഭിച്ചിട്ടില്ല |
| 3-11 | പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ--മരുന്നുകൾ ലഭ്യമാക്കിയതിൽ കുറവ് |
| 3-12 | ആയുർവേദ മരുന്ന് വാങ്ങൽ--മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല |
| 3-13 | നിക്ഷേപ പ്രവൃത്തികൾ--വിനിയോഗ വിവരം ലഭ്യമല്ല |
| 3-14 | ജലനിധി |
| 3-15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |

| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |
|---|---|

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016 -17 വർഷത്തെ പുതുക്കിയ ബജറ്റ് 29-3-2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 95832934.75 | 19671747.45 |
| വരവ് | 80495000 | 88235859 |
| ആകെ | 176327934.75 | 107907606.45 |
| ചെലവ് | 79737450 | 69338826 |
| നീക്കിയിരിപ്പ് | 96590484.75 | 38568780.45 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നു.പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് ബജറ്റ് തയാറാക്കേണ്ടതാണ്. ബജറ്റിന്റെ മുൻവർഷത്തെ നീക്കിയിരിപ്പല്ല തൻവർഷത്തെ മുന്നിരിപ്പായി ചേർത്തിരിക്കുന്നത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 7.7.2017 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 15.07.2017 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19671747.45 |
| വരവ് | 88235859 |
| ആകെ | 107907606.45 |
| ചെലവ് | 69338826 |
| നീക്കിയിരിപ്പ് | 38568780.45 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | അലോട്ട്മെന്റ് | ചെലവ് |
|---|---|---|---|---|---|---|

| | | അലോട്ട്മെന്റ് | | | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14903439 | 14903439 | 13840272 | 1063167 | 92.86 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3203220 | 3203220 | 1865100 | 1338120 | 58.23 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 151275 | 151275 | 72000 | 79275 | 47.39 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5763612 | 5763612 | 1992923 | 3770689 | 34.57 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4075494 | 4075494 | 3947650 | 127844 | 96.86 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8359005 | 8359005 | 5493480 | 2865525 | 65.71 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4383673 | 4383673 | 2862878 | 1520795 | 65.30 |
| MNREGS | 14021 | 27828528 | 27842549 | 27819167 | 23382 | 99.91 |
| ബി ഫണ്ട് | 0 | 1144000 | 1144000 | 1144000 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 275 | 88187554 | 116 | 36555893 | 13 | 159 | 42.18 |

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതിക്ക് പഞ്ചായത്ത്കമ്മിറ്റിയുടെ 27-6-16-ലെ 1-ാം നമ്പർ തീരുമാനപ്രകാരം സാമ്പത്തികാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 17.5.17-ലെ 490/16/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അംഗീകാരവും ലഭിച്ചു.

പദ്ധതി ആസൂത്രണം

പദ്ധതി ആസൂത്രണഗ്രാമസഭകൾ 2016 ഫെബ്രുവരിയിലെ വിവിധ തീയതികളിലും വികസനസെമിനാർ 27.4.16ലും കൂടിയിട്ടുണ്ട്.

വാർഷിക പദ്ധതി

നേട്ടങ്ങൾ

വേൾഡ് ബാങ്ക് ധനസഹായം 29 ലക്ഷം രൂപ വിനിയോഗിച്ച് ഓഫീസ് നവീകരണ പ്രവർത്തനങ്ങളും 16ലക്ഷം രൂപ വേൾഡ് ബാങ്ക് സഹായത്തോടെ 700 പേർക്ക് ഇരിക്കാവുന്ന സാസ്കാരിക നിലയം, 4ലക്ഷം രൂപ തനത് ഫണ്ട് വിനിയോഗിച്ച് ഐ.എസ്.ഒ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിച്ച് സംസ്ഥാനത്തിനു തന്നെ മാതൃകാപരമായി

മാറാൻ സാധിച്ച എന്നത് വാർഷിക പദ്ധതിയുടെ എടുത്തു പറയത്തക്ക നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ 1499 കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നല്കി.

കോട്ടങ്ങൾ

1) ആകെ ആവിഷ്കരിച്ച 275 പ്രോജക്ടുകളിൽ 101 എണ്ണം മാത്രമാണ് പൂർണ്ണമായി നടപ്പാക്കുവാൻ സാധിച്ചത്.
2)കാർഷികമേഖലയിൽ കേവലമായ തുക മാത്രമാണ് ചെലവഴിച്ചത്.
3)അങ്കണവാടി നിർമ്മാണത്തിനായും പുനരുദ്ധാരണത്തിനായും പ്രോജക്ട് ആവിഷ്ക്കരിച്ചിരുന്നുവെങ്കിലും നടപ്പാക്കിയില്ല.
4)പി.എച്ച്.സി.ക്കു വേണ്ടി ആവിശ്യാധിഷ്ഠിതമല്ലാതെ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങിയതിനാലും വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ വിതരണം ചെയ്യിട്ടില്ലാത്തിനാലും പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല.
5)മരാമത്ത് പ്രവൃത്തികൾക്കായി 74 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 56 പദ്ധതികൾക്ക് മാത്രമാണ് തുക ചെലവഴിക്കാൻ കഴിഞ്ഞത്.

മാതൃകാപരമായ പദ്ധതി പ്രവർത്തനങ്ങൾ

1. പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിലേക്കുള്ള ISO സർട്ടിഫിക്കേഷൻ പദ്ധതി

അഴിമതി ഉന്മൂലനം ചെയ്യുന്നതിനും പൊതുജനങ്ങൾക്ക് ഏറ്റവും വേഗത്തിൽ സേവനം നൽകുക എന്ന ലക്ഷ്യത്തോടെയും അയ്മനം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ISO സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ സദ്ഭരണ പഞ്ചായത്ത് എന്ന പദവിയിലേയ്ക്ക് പഞ്ചായത്തിനെ ഉയർത്തിയതായി കാണുന്നു.

പൊതുജനങ്ങൾക്ക് വേണ്ടി മകച്ച ഫ്രണ്ട് ഓഫീസ് സംവിധാനം ,പഞ്ചായത്തിൽ നിന്നുള്ള സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് സഹായം നല്കുന്നതിന് മുഴുവൻ സമയം ഹെൽപ്പ് ഡെസ്ക്, അപേക്ഷാ ഫാറം ലഭിക്കുന്നതോടൊപ്പം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ ചെക്ക് ലിസ്റ്റും സേവനം നൽകേണ്ട ജീവനക്കാരന്റെ സെക്ഷനും ഫോൺ നമ്പരും സേവന ലഭ്യതയിൽ പരാതിയുള്ള പക്ഷം പരാതിപ്പെടാനുള്ള ഫോൺ നമ്പരുകളും (പ്രസിഡൻറ്, സെക്രട്ടറി, ഡെപ്യൂട്ടി ഡയറക്ടർ, വിജിലൻസ്, ഫോർ ദി പ്യൂപ്പിൾ സൈറ്റ് അഡ്രസ്സ്), സേവനങ്ങൾ ലഭിക്കുന്നതിനുള്ള മുൻഗണനക്ക് ടോക്കൺ സംവിധാനം, ഉടൻ ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങൾ അന്നു തന്നെ നല്കുന്നതിനുള്ള സംവിധാനം, പൊതുജനങ്ങൾക്ക് ശീതീകരിച്ച വിശ്രമ മുറി, ടോയ്‌ലറ്റ്, കുടിവെള്ളം, First Aid Box, വായനക്ക് പത്രങ്ങളും മാസികകളും, ടെലിവിഷൻ, പരാതികളും അഭിപ്രായങ്ങളും രേഖപ്പെടുത്താൻ രജിസ്റ്ററുകൾ, ജീവനക്കാരുടെ ഹാജർ പൊതുജന ശ്രദ്ധക്കായി പ്രദർശിപ്പിക്കുന്ന ബോർഡ്, സർട്ടിഫിക്കറ്റുകൾ ശരിയായാൽ മൊബൈൽ ഫോണിലൂടെ SMS ലഭിക്കുന്ന സംവിധാനം, യൂണിയനുകൾ, രാഷ്ട്രീയ പാർട്ടികൾ, പൊതുസംഘടനകൾ ഇവരുടെ പരസ്യങ്ങളും പോസ്റ്ററുകളും പതിക്കാൻ പ്രത്യേകം ബോർഡുകൾ, അപേക്ഷാപെട്ടി, പരാതിപ്പെട്ടി, കെട്ടിടനികുതി ഇ-പെയ്മെൻറ് സംവിധാനം, ഫയൽ പൊസിഷൻ അറിയാൻ ഫയൽ ട്രാക്കിംഗ് സംവിധാനം, കുടുംബശ്രീയുടെ ചുമതലയിൽ അപേക്ഷകൾ പൂരിപ്പിച്ചു നൽകൽ, ഫോട്ടോസ്റ്റാറ്റ്, ലഘുഭക്ഷണശാല, സൗജന്യ പച്ചക്കറിവിത്ത് വിതരണം ഇവയ്ക്ക് സ്ഥിര സംവിധാനം, പൊതുജന പരാതികൾ പരിഹരിക്കാൻ പരാതിപരിഹാര കമ്മിറ്റി എന്ന സ്ഥിരസംവിധാനം, സങ്കീർണ്ണമായ പരാതികളും തർക്കങ്ങളും പരിഹരിക്കാൻ എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച ഗ്രാമീണ കോടതി, വനിതകൾക്ക് പോലീസ് സ്റ്റേഷനിൽ പോകാതെ പരാതി നൽകാൻ വനിതാ പോലീസ് സേവനം പഞ്ചായത്തിൽ എല്ലാ ചൊവ്വാഴ്ചയും, പഞ്ചായത്തിൽ നിന്നുള്ള സേവനങ്ങളും അറിയിപ്പുകളും നൽകുന്ന ഡിസ്പ്ലേ സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സേവനങ്ങൾക്ക് വരുന്ന എല്ലാ പൊതുജനങ്ങളിൽ നിന്നും പഞ്ചായത്തിലെ ജീവനക്കാരുടെ സമീപനം, സേവനം ലഭിച്ച സമയം മുതലായ എല്ലാ വിവരങ്ങളും വിശദമാക്കുന്ന feedback ശേഖരിക്കാറുണ്ട്. ടി പദ്ധതിയ്ക്ക് വേണ്ടി ലോകബാങ്ക് ഫണ്ട് 29 ലക്ഷം രൂപയും തനത് ഫണ്ട് 4 ലക്ഷം രൂപയും ചെലവാക്കിയതായി കാണുന്നു. ടി പ്രവർത്തികൾ കേരളത്തിലെ മറ്റു പഞ്ചായത്തുകൾക്ക് മാതൃകയാണ്.

2. തെരുവ് വിളക്ക് പരിപാലന പദ്ധതി 09/16-17

അയ്മനം ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലന പദ്ധതി 2015-16 ൽ ആരംഭിച്ചു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലാഡർ ഘടിപ്പിച്ച മാക്സിമോ വാനും പ്രതിദിനം വേതനത്തിൽ ഡ്രൈവറും ഇലക്ട്രീഷ്യനും ഉൾപ്പെടുന്നതാണ് തെരുവ് വിളക്ക് പരിപാലന പദ്ധതി. ഇവർക്ക് വേതന ഇനത്തിൽ പ്രതിമാസം 35000/- രൂപ വീതം പഞ്ചായത്ത് ചെലവഴിക്കുന്നു. എങ്കിലും സ്റ്റോക്ക് രജിസ്റ്റർ, മേൽനോട്ടം എന്നിവയുടെ അഭാവത്തിൽ പദ്ധതി വിജയപ്രദമായിരുന്നില്ല.

എന്നാൽ 2016-17-ാം സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം അയ്മനം ഗ്രാമ പഞ്ചായത്തിലെ 20 വർഡുകളിലെയും 3700 ഓളം സ്ട്രീറ്റ് ലൈറ്റുകൾ നന്നാക്കുകയും കൂടാതെ എല്ലാ മാസവും 10 ദിവസം അയൽ പഞ്ചായത്തായ തിരുവാർപ്പ്

പഞ്ചായത്തിലെ തെരുവിളക്കുകൾ പ്രതിദിനം 3000 രൂപയ്ക്ക് നന്നാക്കിവരുന്നു. ആയതിൻ പ്രകാരം പ്രതിവർഷം 3,60,000 രൂപ പഞ്ചായത്തിനു വരുമാനവർദ്ധനവ് ഉണ്ടാകുന്നു. കൂടാതെ ടി പ്രവൃത്തി മൂലം തെരുവ് വിളക്ക് മെയിന്റനൻസ് പദ്ധതിയുടെ വേതന ഇനത്തിൽ പഞ്ചായത്തിനുള്ള ചെലവ് പ്രതിമാസം 5000/- രൂപ വീതം കേവലം 60000/- രൂപയായി കുറഞ്ഞിട്ടുണ്ട്.

കൂടാതെ 150 രൂപ വില വരുന്ന 962 സിഎഫ്എൽ ലൈറ്റുകൾ (ഏകദേശം 145000/- രൂപ വിലവരുന്ന) ടി വർഷം വാറൻറി റീപ്ലെസ്മെൻറായി മാറ്റി വാങ്ങുകയും ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിനു വലിയ ചെലവ് ഉണ്ടാകുമായിരുന്ന ടി പദ്ധതി വരുമാന പ്രദമായത് കൃത്യമായ മോണിറ്ററിങ്ങ് മൂലമാണ്. എ എം സി മുതലായ മറ്റ് ചെലവുകൾക്കായി ലക്ഷക്കണക്കിനു തുക ചെലവു ചെയ്തിട്ടും വഴിവിളക്കുകൾ കത്താത്ത മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാക്കാവുന്നതാണ്.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 6078234 | 12221309 | +6143075 |
| നികുതിയേതര വരവുകൾ | 994933 | 6839933 | +5845000 |
| മറ്റു വരവുകൾ | 76630 | 878199 | +801569 |
| ആകെ | 7149797 | 19939441 | +12789644 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 122880 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 11269270 | 1360 |
| വിധവാപെൻഷൻ | 8282030 | 882 |
| വാർദ്ധക്യകാല പെൻഷൻ | 24515805 | 2338 |
| വികലാംഗ പെൻഷൻ | 3118765 | 375 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 466740 | 50 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.7.2017 തീയതിയിൽ അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7955 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

നിലവിലുള്ള ഓഫീസ് ഉത്തരവുകൾക്കു പുറമെ 1.4.16 മുതൽ 31.3.17 വരെ 43 ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ കൃത്യമായി നടപ്പാക്കുന്നുണ്ട്. പൊതുജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം വിജയിച്ചിട്ടുണ്ട്. വിവിധ വരവിനങ്ങളിലെ വരവിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഓഡിറ്റിന്റെ സംശയങ്ങൾ ദൂരീകരിക്കുന്നതിൽ

പഞ്ചായത്തുകാർ കാണിച്ച വ്യഗ്രത ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ വിജയമാണ്. ജനസൗഹൃദ പഞ്ചായത്ത് എന്ന ആശയം അന്വർത്ഥമാക്കുന്ന സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നു. എന്നാൽ തനതു ഫണ്ടിന്റെ ചെലവിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
മഴക്കാല പൂർവ്വശുചീകരണത്തിനായി വിവിധ വൗച്ചറുകൾ പ്രകാരം 200000/-രൂപ വിവിധ വാർഡുകളിൽ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിനു ലഭ്യമാക്കുന്ന ഫണ്ട് വാർഡു മെമ്പർ ചെയർമാനും ആരോഗ്യവിഭാഗം ഉദ്യോഗസ്ഥൻ മെമ്പർ സെക്രട്ടറിയുമായി രൂപീകരിക്കുന്ന വാർഡുതല സാനിട്ടേഷൻ സമിതിയ്ക്ക് കൈമാറുന്നതിനും മെഡിക്കൽ ഓഫീസർ പി.എച്ച്.സി.യ്ക്ക് നടത്തേണ്ടിയിരുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് നേരിട്ട് നടത്തുകയും ഫലസിദ്ധി ആരോഗ്യവിഭാഗം വിലയിരുത്താതിരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യമാണ് നിലവിൽ. ഭാവിയിൽ ഫണ്ട് വിനിയോഗം നിയതനിയമങ്ങൾക്കനുസൃതമായും ഫലപ്രദമായും ചെലവിടാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.6.2017 | 5/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.12.14-15.1.15 | 2009-10 മുതൽ 2013-14 വരെ | LBA(Hq)11/84.2238/341/ 04/03/2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ പത്രിക ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 7/6/17ലെ 12(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 135156128/- രൂപയും ചെലവ് 126377976/- രൂപയുമാണ്. തൻവർഷ പ്രവർത്തന മിച്ചം 8778152/- രൂപയാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 107907606.45/- രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 69338826/- രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 38568780.45- രൂപയാണ്. ധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല.
3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) തനത് ഫണ്ട്(അയ്മനം സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം.1174) അക്കൗണ്ടിന്റെ 31.03.2017-ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 21.01.15-ൽ ഇഷ്യൂ ചെയ്ത് 31.03.2017 വരെ എൻക്യാഷ് ചെയ്യാത്ത ചെക്ക് തുക 500/- രൂപയും 28.03.15 ൽ ഇഷ്യൂ ചെയ്ത് 31.03.2017 വരെ എൻക്യാഷ് ചെയ്യാത്ത ചെക്ക് തുക 385/- രൂപയും അക്കൗണ്ടിൽ ക്രമീകരിക്കാത്തതായി കാണുന്നു. അക്കൗണ്ടിലെ അപാകത ജേർണൽ വൗച്ചർ (JV) ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

5)ഡെപ്പോസിറ്റ്, രജിസ്റ്റർ അപൂർണ്ണമായതിനാൽ ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാനായില്ല.
6)അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി 18 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാനായില്ല.
7) 4120101101-Capital Work in Progressഎന്ന ശീർഷകത്തിൽ ആസ്തിയായി രേഖപ്പെടുത്തിയ 3094816/- രൂപയുടെ വിശദാംശം ലഭ്യമല്ല.

8) റസീറ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ RP 26- Prior period Item ന്റെ വിശദാംശം ലഭ്യമല്ല.

## 2-2 മൊബൈൽ ടവർ - ഉപയോഗപ്പെടുത്തുന്ന മുഴുവൻഭാഗത്തെയും നികുതി ചുമത്തുന്നില്ല

2016-17 വർഷം വസ്തുനികുതിനിർണയം നടത്തിയ ഇൻഡസ് ടവറിന്റെ ഉടമസ്ഥതയിലുള്ള (കെട്ടിടനമ്പർ iv /299 B) മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണയം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഷെൽറ്റർ റൂമിന്റേയും ജനറേറ്റർ റൂമിന്റെയും വിസ്തീർണം (14.23ച.മീറ്റർ) മാത്രം കണക്കിലെടുത്താണ് നികുതി കണക്കാക്കിയത് എന്ന് കാണുന്നു. ടവർ നിൽക്കുന്ന സ്ഥലത്തിന്റെ (ഫൗണ്ടേഷൻ ഉൾപ്പെടെ) വിസ്തീർണം 19.41 ച.മീറ്ററാണ്. എന്നാൽ ടവർ നിൽക്കുന്ന സ്ഥലത്തിന് വസ്തുനികുതി നിർണയിച്ചിട്ടില്ല. സ.ഉ. (സാധാ)നം.707/14/തസ്വഭവ തീ.7/3/14 പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m). ടവർ നിൽക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടവർ നിൽക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

കൂടാതെ തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 19.10.2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം.40395/RC2/2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കേണ്ടതുമാണ്.

## 2-3 ബി.എസ്.എൻ.എൽ. കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-207 പ്രകാരം നികുതി നിർണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റ് ഉള്ളതായി കണ്ടു. ഈ ലിസ്റ്റിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളും ഉൾപ്പെട്ടതായി കാണുന്നു

| ക്രമ നം | കെട്ടിട നം | കെട്ടിടം |
|---|---|---|
| 1 | 7/254A | ജനറൽ മാനേജർ ,ബി.എസ്.എൻ.എൽ |
| 2 | 8/538 മുതൽ 8/581 വരെ | ജനറൽ മാനേജർ, ടെലികമ്മ്യൂണിക്കേഷൻ, കോട്ടയം |

മേൽ കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ഗവൺമെന്റ് നോട്ടിഫൈഡ് കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് മറുപടി നല്കി. സർക്കുലർ നം.39457/ആർ.സി.2/2010/തസ്വഭവ/19.09.11 പ്രകാരം ഇന്ത്യൻ പ്രസിഡന്റിന്റെ പേരിലുള്ള ബി.എസ്.എൻ.എൽ കെട്ടിടങ്ങളെ ഭരണഘടനയുടെ അനുഛേദം 285(1) പ്രകാരം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും , എന്നാൽ ഇന്ത്യൻ പ്രസിഡന്റിന്റെ പേരിലല്ലാതെയുള്ള ബി.എസ്.എൻ.എൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ ഇന്ത്യൻ പ്രസിഡന്റിന്റെ പേരിലാണോ എന്നത് പരിശോധിക്കേണ്ടതും അല്ലായെങ്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## 2-4 തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം-2) ലഭ്യമാക്കിയമറുപടിയിൽ 8 സ്ഥാപനങ്ങൾ നികുതിഅടവാക്കിയതായും, ശേഷിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും പിഴപലിശയും ഉൾപ്പെടെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെപേര് | വർഷം |
|---|---|---|

| | | |
|---|---|---|
| 1 | സെന്റ് ലൂജി ഇംഗ്ളീഷ് മീഡിയം സ്കൂൾ | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | നരസിംഹസ്വാമിക്ഷേത്രം, അയ്മനം | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | ഗ്രയിസ് മെഡിക്കൽ സെന്റർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | ടി.എസ്സ് നം-47,ചീപ്പുങ്കൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | ടി.എസ്സ് നം-53 | ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | പോസ്റ്റ്ഓഫീസ് , ചീപ്പുങ്കൽ | രണ്ടും അർദ്ധ വർഷം |
| 7 | എ.സ്.ബി.റ്റി., അയ്മനം | ഒന്നാം അർദ്ധ വർഷം |

## 2-5 ഹൗസ് ബോട്ട് ജീവനക്കാരിൽന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

17-07-2017 ൽ അയ്മനം ഗ്രാമപഞ്ചായത്തിലെ കവണാറ്റിൻകരയിലും ചീപ്പുങ്കലും നടത്തിയ സ്ഥലപരിശോധനയിൽ അവിടെ നിരവധി ഹൗസ്ബോട്ടുകൾ സർവീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ബോട്ട്ജീവനക്കാരിൽ നിന്നും ഹൗസ്ബോട്ട് ഉടമകളിൽനിന്നും നാളിതുവരെ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ജലഗതാഗതവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഹൗസ്ബോട്ടുകളുടെ എണ്ണം സംബന്ധിച്ചരേഖകളും ലഭ്യമല്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഹൗസ് ബോട്ട് ജീവനക്കാരിൽ നിന്നും അർഹമായ തൊഴിൽ നികുതി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

എ) ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക്, ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച താഴെപ്പറയുന്ന തുകകൾ ചെലവഴിക്കാനവശേഷിക്കുന്നതായി കാണുന്നു. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വിഹിതം ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല. ടി ബാലൻസ് തുകകൾ യഥാർത്ഥത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തി ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | തുക |
|---|---|---|
| 1 | 320100115 - ടോട്ടൽ സാനിട്ടേഷൻ ക്യാമ്പയൻ | 24811 |
| 2 | 320100116 – സർവ്വശിക്ഷ അഭിയാൻ | 176598 |
| 3 | 320100121 – ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം | 672665 |
| 4 | 320100126 – പ്രോഗ്രാം ഫോർ യുവ ക്രീഡ ആന്റ് ഖേൽ അഭിയാൻ | 59793 |
| 5 | 320200309 - ലിറ്ററസി സ്കീം ഗ്രാൻറ് | 9874 |
| 6 | 320200311 – ഫ്ലഡ് റിലീഫ് ഗ്രാന്റ് | 400000 |
| 7 | 320200310 – ഡ്രൌട്ട് റിലീഫ് ഗ്രാന്റ് | 51300 |
| 8 | 320200322 – ശുചിത്വ മിഷൻ ഗ്രാന്റ് | 522945 |

| | | |
|---|---|---|
| 9 | 320300103 – കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് പർപ്പസ് – ടോട്ടൽ സാനിട്ടേഷൻ | 119506 |
| 10 | 320300199 - കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് ഏജൻസീസ് | 7464 |
| 11 | 320700104- കോൺട്രിബ്യൂഷൻ ഫോർ- ബ്ലോക്ക് പഞ്ചായത്ത് | 798500 |
| 12 | 320700105- കോൺട്രിബ്യൂഷൻ ഫോർ- ജില്ലാ പഞ്ചായത്ത് | 500000 |
| 13 | 320700404- കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് - ബ്ലോക്ക് പഞ്ചായത്ത് | 600 |
| 14 | 320700405- കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് - ജില്ലാ പഞ്ചായത്ത് | 1000000 |
| 15 | 320700204 – കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് - ബ്ലോക്ക് പഞ്ചായത്ത് | 634411 |

മേൽ തുകകൾ ലഭിച്ച വർഷം, ഉദ്ദേശ്യം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. തുകകൾ ചെലവഴിക്കാത്ത പക്ഷം തിരികെ അടയ്ക്കേണ്ടതാണ്.

ബി) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തില്ല

2016-17 വർഷം സംയുക്ത പ്രോജക്ടുകൾക്ക് താഴെ പറയും പ്രകാരം തുക ലഭിച്ചിട്ടുണ്ട്

| പ്രോജക്റ്റ് | ലഭിച്ച തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|
| ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 250000 | ബ്ലോക്ക് പഞ്ചായത്ത്, ഏറ്റുമാനൂർ |
| ജലനിധി | 1000000 | ജില്ലാ പഞ്ചായത്ത്, കോട്ടയം |
| എസ് സി സ്ഥലം വാങ്ങൽ പദ്ധതി | 798500 | ബ്ലോക്ക് പഞ്ചായത്ത്, ഏറ്റുമാനൂർ |

ഇതിൽ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് തുക മാത്രമാണ് കോട്ടയം സബ് ട്രഷറിയിൽ ആരംഭിച്ച 799011400002243 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നതും ചെലവഴിച്ചതും(30.03.17). മറ്റു രണ്ട് തുകകളും തനത്ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത തുകകൾ തൻവർഷം ചെലവഴിച്ചിട്ടുമില്ല .ഇത് സർക്കാർ ഉത്തരവ് നം (പി) 7/2017/ ഫിൻ 27.01.2017 ന് വിരുദ്ധമാണ്. ടി ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഇംപ്ലിമെന്റിംഗ് ലോക്കൽ ബോഡി ട്രഷറിയിൽ അക്കൗണ്ട് ആരംഭിക്കണമെന്നും തുകകൾ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും തുകയുടെ വിനിമയം അക്കൗണ്ടിലൂടെ വേണമെന്നും നിർദ്ദേശിച്ചിട്ടുണ്ട് . ഖ.VI പ്രകാരം ഇംപ്ലിമെന്റിംഗ് ലോക്കൽ ബോഡി ടി അക്കൗണ്ടിലെ തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കിലും മേൽ തുകകൾ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ISO അനുബന്ധ പ്രവർത്തനങ്ങൾ - നിർവ്വഹണ ഏജൻസിക്ക് അധികം തുക നൽകി

പ്രോജക്ട് നമ്പർ -294/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നിർവ്വഹണ ഏജൻസി- നിർമ്മിതി കേന്ദ്രം, കോട്ടയം

അടങ്കൽ-2541728

ചെലവ്-2412829(480000- ,1566728 ,360000 ,6101 )

കരാർ-37/16-17

അളവ് പുസ്തകം-34/15,47/15,50/15

അയ്മനം ഗ്രാമപഞ്ചായത്തിന്റെ ISO Certification അനുബന്ധ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ പ്രോജക്ടിൽ ഫ്രണ്ട് ഓഫീസ്, സന്ദർശകമുറി, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ മുറികൾ അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസ് എന്നിവിടങ്ങളിൽ ഇന്റീരിയർ മോഡിഫിക്കേഷൻ, ഡേറ്റാ, വോയിസ് കമ്മ്യൂണിക്കേഷൻ എന്നിവയ്ക്കായി അഞ്ച് appendix-കൾ ഉൾപ്പെടുന്ന 2535000/- രൂപയുടെ എസ്റ്റിമേറ്റാണ് നിർമ്മിതി കേന്ദ്രം തയ്യാറാക്കിയത്. 2014 ലെ DSR, observed data എന്നിവ അടിസ്ഥാനപ്പെടുത്തി നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റ് പഞ്ചായത്ത് അംഗീകരിച്ച് കോട്ടയം ജില്ല നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണം ഏൽപ്പിച്ചു. Observed data അടിസ്ഥാനപ്പെടുത്തിയാണ് ഭൂരിഭാഗം നിരക്കുകളും തയ്യാറാക്കിയത്. എന്നാൽ ടി data യുടെ ആധികാരികത വ്യക്തമല്ല. അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് എസ്റ്റിമേറ്റ് റിവൈസ് ചെയ്തെങ്കിലും Comparative statement ഫയലിൽ ലഭ്യമല്ല.

പ്രോജക്ടിന്റെ എസ്റ്റിമേറ്റ്, അളവുപുസ്തകം എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഇനങ്ങൾ എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | ഇനം നം | ഹ്രസ്വ വിവരണം | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട അളവ് | അളവ് പുസ്തകം പ്രകാരം ചെയ്തത് | നിരക്ക് | എസ്റ്റിമേറ്റിൽ ലിമിറ്റ് ചെയ്യാഞ്ഞതിനാൽ അധികം നല്കിയ തുക |
|---|---|---|---|---|---|---|
| 1 | App.A Item 10 | Supplying.. | 7.28m2 | 14.45m2 | 5108/m2 | 36624 |
| 2 | App.A item 19 | Removing.. | 609.9m2 | 742.75m2 | 11.48/m2 | 1525 |
| 3 | App.A item 20 | Providing.. | 422..06m2 | 486.39m2 | 114.3m2 | 7352.91 |
| 4 | App.A item 21 | Apply.. | 609.9m2 | 742.75m2 | 45.74/m2 | 6077 |
| 5 | App.A item 22 | Wall painting | 609.9m2 | 742.75m2 | 66.96/m2 | 8895.63 |
| 6 | App.A item 23 | Painting.. | 68.78m2 | 87.49m2 | 94.86m2 | 1774.83 |

| | | | | | | |
|---|---|---|---|---|---|---|
| 7 | App.B item 15 | Paint... | 47.97 m2 | 57.47m2 | 94.8/m2 | 900.6 |
| 8 | App.C item 9 | Removing.. | 82.77m2 | 84.46m2 | 11.48m2 | 19.40 |
| 9 | App.C item 11 | Apply... | 82.77m2 | 117.53m2 | 45.74m2 | 1589.9 |
| 10 | App.C item 12 | Wall paint | 82.77m2 | 117.53m2 | 66.96m2 | 2327.52 |
| 11 | App.C item 13 | Painting. | 11.48m2 | 14.84m2 | 94.86m2 | 318.72 |
| 12 | App.B item 4 | Providing.. | 121.78m2 | 177.75m2 | 114.34/m2 | 6399.6 |
| 13 | App.B item 5 | Applying | 121.78m2 | 177.75m2 | 45.74/m2 | 2560 |
| 14 | App.B item 6 | Wallpaint | 121.78m2 | 177.75m2 | 66.96/m2 | 3747.75 |
| | ആകെ | | | | | 80112.86 |

പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. എന്നാൽ വിവിധ ഇനങ്ങൾ എസ്റ്റിമേറ്റിൽ ലിമിറ്റ് ചെയ്യാഞ്ഞതു മൂലം 80112.86/- രൂപ നിർവ്വഹണ ഏജൻസിക്ക് അധികം നൽകാനിടയായി.

കൂടാതെ അളവു പുസ്തകം പ്രകാരം വിവിധ ഇനങ്ങളുടെ മൂല്യം കൂട്ടിയാൽ കിട്ടുന്ന ആകെ വേലമൂല്യം 2221020/- രൂപയാണ്. എന്നാൽ ക്ലറിക്കൽ പിശക് മൂലം 2234101 രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് നിർമ്മിതിക്ക് തുക അനുവദിച്ചത്. ഈ ഇനത്തിൽ 13081/- രൂപ അധികം നൽകുകയുണ്ടായി. (2234101 - 2221020).

ഇപ്രകാരം 93193.86 രൂപ (80112.86 + 13081) നിർമ്മിതിക്ക് അധികം നൽകിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് 20.07.2017-ൽ എൻ.കെ.37/16-17 നമ്പർ പ്രകാരം നിർമ്മിതി കേന്ദ്രം ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തനം ആരംഭിച്ച് ഏകദേശം 50% പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ ഇന്റീരിയർ വർക്കുകൾ ഏറ്റവും ഭംഗിയായി നടപ്പാക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് പുതുക്കുകയുണ്ടായെന്നും, പിന്നീട് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയപ്പോൾ വീണ്ടും ചില പ്രവൃത്തികൾ പഞ്ചായത്ത് അധികാരികളുടെ സമ്മതത്തോടെ കൂടുതലായി ചെയ്യേണ്ടതായി വന്നുവെന്നും ആയത് അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിയാണ് ചെയ്തതെന്നും പരാമർശിച്ചിരിക്കുന്നു. ഈ മറുപടിയൊപ്പം എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തിയ റീകാസ്റ്റ് എസ്റ്റിമേറ്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. (റീകാസ്റ്റ് എസ്റ്റിമേറ്റ് പ്രവൃത്തിയുടെ സാങ്കേതികാനുമതിക്ക് മുൻപ് തയ്യാറാക്കേണ്ടതാണ്).
ജി.ഒ(പി)നം.13/2012/PWD തീയതി 01.02.2012 പ്രകാരം കേരള പൊതുമരാമത്ത് മാന്വൽ പുതുക്കിയിട്ടുണ്ട്. പ്രസ്തുത മാന്വൽ ഖണ്ഡിക 1601.1.4 പ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപായി മാറ്റങ്ങൾ അനിവാര്യമായ സംഗതിയിൽ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാണ് റീകാസ്റ്റ് എസ്റ്റിമേറ്റ് എന്ന് നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. ഖണ്ഡിക 1601.1.16 -ൽ T.S. ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റിൽ ഏതെങ്കിലും ഇനം

ഒഴിവാക്കലും കൂട്ടിച്ചേർക്കലും മാറ്റം വരുത്തലും ആവശ്യമായി വരുന്ന സംഗതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാമെന്നും ആയത് തയ്യാറാക്കാൻ മരാമത്ത് പൂർത്തീകരണം വരെ കാത്തിരിക്കേണ്ട എന്നും വ്യക്തമാക്കുന്നു.

പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ സെറ്റിൽമെന്റ് നടത്തുകയും ഓഡിറ്റ് വേളയിൽ അപാകതകൾ ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ശ്രദ്ധയിൽപ്പെടുത്തിയതിനുശേഷം അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകളനുസരിച്ച് തയ്യാറാക്കി സമർപ്പിച്ച റീകാസ്റ്റ് എസ്റ്റിമേറ്റ് നിയമപരമായി നിലനിൽക്കുന്നതല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഏതെങ്കിലും ഇനം ഒഴിവാക്കലും കൂട്ടിച്ചേർക്കലും മാറ്റം വരുത്തലും ആവശ്യമായി വരുന്നപക്ഷം പ്രവൃത്തി നിർവ്വഹണ വേളയിൽ തന്നെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് T.S.ഉം A.S.ഉം നേടേണ്ടതായിരുന്നു. പ്രവൃത്തികൾ നേരിൽ പരിശോധിച്ചതിൽ അളവു പുസ്തകപ്രകാരമുള്ള പ്രവൃത്തികൾ ചെയ്തിരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും നിയത നിയമങ്ങൾ മറികടന്ന് പ്രവൃത്തി നിർവ്വഹിച്ചത് ക്രമവരുദ്ധം തന്നെയാണ്. ഈ വിഷയം പഞ്ചായത്ത് ഭരണ സമിതിയും നിർമ്മിതി കേന്ദ്രവും പരിശോധിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ക്ലറിക്കൽ പിശകുമൂലം അധികം നൽകേണ്ടിവന്ന 13,081/-രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വയ്ക്കേണ്ടതാണ്.

## 3-2 വിവിധ പ്രവൃത്തികൾ - നിർവഹണത്തിൽ അപാകതകൾ

തനതുഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ വിവിധ പ്രവൃത്തികളുടെ നിർവഹണത്തിൽ 10000/-രൂപ വരെ ചെലവിട്ടതായി കാണുന്നു. ഈ പ്രവർത്തികളുടെ നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ വിശദാംശങ്ങൾ | വേല മൂല്യം/ ചെക്ക് നമ്പരും തീയതിയും | അപാകതകൾ |
|---|---|---|---|
| 1. | മുട്ടേൽ കോളനി തോട് ആഴംകൂട്ടൽ<br>കൺവീനർ:സിബി ജോർജ്ജ് വാണിയപുരയിൽ<br>അടങ്കൽ:10000- ചെലവ്:9984- | 9385-<br>0532813<br>09-03-17 | 1)വിശ്വാസയോഗ്യമല്ലാത്ത അപൂർണ്ണമായ മസ്റ്റർ റോൾ.<br>2)കരാർപ്പത്രം പൂർണ്ണമല്ല. |
| 2. | പള്ളിയാർകിഴക്ക് പാടശേഖരം പുറംബണ്ട് നിർമാണം<br>കൺവീനർ:എൻ.വി.ദാസപ്പൻ<br>അടങ്കൽ:10000- ചെലവ്:9232- | 9232-<br>0532803<br>08-02-17 | 1)കരാർപ്പത്രം പൂർണ്ണമല്ല.<br>2)1/2 ടൺ റോളർ അലെങ്കിൽ വുഡൻ/സ്റ്റീൽ റാമർ ഉപയോഗിച്ച് പ്രവർത്തി ചെയ്യണമെന്ന് എസ്റ്റിമേറ്റിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം 5വണ്ടി പൂഴിമണ്ണിറക്കുക മാത്രമാണ് ചെയ്തത്. |
| 3. | വലിയ മടക്കകുഴി ചീപ്പുങ്കൽ റോഡ് സംരക്ഷണഭിത്തി നിർമാണം വാർഡ്-20<br>കൺവീനർ:വി.എ.ശിവപ്രസാദ്<br>അടങ്കൽ:10000- ചെലവ്:9833- | 9364-<br>8466/30-11-16 (AVSCB) | 1)കരാർപ്പത്രം പൂർണ്ണമല്ല.<br>2)അവ്യക്തവും അപൂർണ്ണവുമായ മസ്റ്റർ റോൾ.<br>3)കരിങ്കൽ ഉപയോഗിച്ചുള്ള നിർമാണത്തിന് കരിങ്കൽ വാങ്ങിയതിന് രേഖയില്ല. |
| 4. | തയ്യിൽ-നൂറുപറ റോഡ് മണ്ണിട്ടുയർത്തൽ വാർഡ്-18 | 9328-<br>8221/16-08-16 | നിരക്ക് നല്കിയിരിക്കുന്നത് മേല്പരം മണ്ണിറക്കി 1/2 ടൺ റോളർ അല്ലെങ്കിൽ വുഡൻ/സ്റ്റീൽ റാമർ ഉപയോഗിച്ച് ലവൽ ചെയ്യുന്നതിനാണ്. എന്നാൽ |

| | | | |
|---|---|---|---|
| | കൺവീനർ:സിന്ധു പി.ഡി.<br>അടങ്കൽ:10000- ചെലവ്:9887- | (AVSCB) | മണ്ണിന്റെ വിലയുള്ള വൗച്ചറൊഴികെ ബാക്കി പ്രവർത്തി നടത്തിയതിന്റെ ചെലവു രേഖകളില്ല. |
| 5. | പനയ്ക്കൽ-ടർക്കി പാടശേഖരത്തിൽ റാംപ് നിർമാണം<br>കൺവീനർ:ലിസി ജെയിംസ്<br>അടങ്കൽ:10000- ചെലവ്:9887- | 9432-<br>8209/04-08-16<br>(AVSCB) | 1)റാംപ് നിർമാണത്തിന് കരിങ്കൽ ഉപയോഗിച്ചിട്ടില്ല.<br>2)നിരക്ക് നല്കിയിരിക്കുന്നത് മേൽത്തരം മണ്ണിറക്കി 1/2 ടൺ റോളർ അല്ലെങ്കിൽ വുഡൻ/സ്റ്റീൽ റാമർ ഉപയോഗിച്ച് ലവൽ ചെയ്യുന്നതിനാണ്. എന്നാൽ മണ്ണിന്റെ വിലയുള്ള വൗച്ചറൊഴികെ ബാക്കി പ്രവർത്തി നടത്തിയതിന്റെ ചെലവു രേഖകളില്ല. |
| 6) | വടക്കേകോട്ട് റോഡ് മെയിന്റനൻസ്<br>കൺവീനർ:ഓമന പ്രദീപ്<br>അടങ്കൽ:10000- ചെലവ്:10000- | 9432-<br>8220/16-08-16<br>(AVSCB) | നല്കിയിരിക്കുന്ന നിരക്ക് ക്വാറി വെയ്സ്റ്റ് ഇറക്കി ഇടിച്ചുറപ്പിക്കുന്നതിനാണ്. എന്നാൽ ക്വാറി വെയ്സ്റ്റ് ഇറക്കിയതിന്റെ ചെലവ് രേഖകളേയുള്ളൂ. ബാക്കി പ്രവൃത്തികളുടെ ചെലവു രേഖകൾ ലഭ്യമല്ല. |
| 7) | മാളിയേക്കൽ കോളനി ഫുട്ട്പാത്ത് ഫില്ലിംഗ്-വാർഡ് 4<br>കൺവീനർ:അനന്ദു<br>അടങ്കൽ:10000- ചെലവ്:9929- | 9367-<br>0532802<br>08-02-17 | കണ്ടിജന്റ് ബില്ലൊഴികെ യാതൊരു ചെലവു രേഖകളുമില്ല. |
| | ആകെ | 65540/- | |

മേൽവിഷയം സംബന്ധിച്ച് 17.07.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണത്തിലെ അപാകതകൾമൂലം 65,540/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 അയ്യനം കുടിവെള്ളപദ്ധതിക്ക് മോട്ടോർ വാങ്ങൽ -ഒഴിവാക്കാമായിരുന്ന ചെലവ്

പ്രോജക്ട് നം-13/17

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ-200000 തനത്ഫണ്ട്

ചെലവ്- 33705

മേൽ പ്രോജക്ട് പ്രകാരം അയ്യനം കുടിവെള്ളപദ്ധതിക്ക് 33705/- രൂപ ചെലവഴിച്ച റെയ്ഡ്കോയിൽ നിന്ന് 10 എച്ച്. പി. മോട്ടോർ വാങ്ങി നൽകിയിട്ടുണ്ട്. കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പൂർത്തിയായാൽ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതിയാകണമെന്നിരിക്കെ മോട്ടോർ വാങ്ങി നൽകാനിടയായ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് ഗ്രാമപഞ്ചായത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സാഹചര്യത്തിൽ മുടങ്ങിക്കിടക്കുന്ന കുടിവെള്ളപദ്ധതി പ്രവർത്തനക്ഷമമാക്കാം എന്ന് സിസി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷമായി മുടങ്ങിക്കിടന്ന പദ്ധതി പ്രവർത്തനക്ഷമമാക്കാൻ 04/03/17ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് തുക ചെലവഴിച്ചതെന്ന് മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ലക്ഷക്കണക്കിന് രൂപ ജലനിധി പദ്ധതിക്ക് ചെലവഴിക്കുന്നുണ്ട്. ഇത് കൂടാതെ പ്രതിമാസം 85313/- രൂപ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകുന്നുമുണ്ട്. ഗുണഭോക്തൃ സമിതിയുടെ പ്രവർത്തനം പഞ്ചായത്തധികൃതർ യഥാസമയം നിരീക്ഷിക്കാത്തിനാൽ ഗുണഭോക്തൃ സമിതി

ചെലവഴിക്കേണ്ട തുക പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടി വന്ന സാഹചര്യം ശരിയായ നടപടിയല്ല. ഇത്തരം നടപടികൾ ഭാവിയിൽ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി - നോഡൽ ഏജൻസിയിൽ നിന്നും ലഭിക്കേണ്ട തുക ലഭ്യമായിട്ടില്ല

03-04-2016 മുതൽ പഞ്ചായത്തിലെ 3-ാം വാർഡിലെ ഐക്കരച്ചിറ സെന്റ് ജോർജ് എൽ.പി.സ്കൂളിൽ വച്ചുനടന്ന ആരോഗ്യ ഇൻഷ്വറൻസ് പരിപാടിയിൽ പങ്കെടുത്തവർക്ക് ലഘു ഭക്ഷണം നൽകിയതിന് 21600197/2-06-16 നമ്പർ വൗച്ചർ പ്രകാരം (ചെക്ക്നം-8136/2-06-16 AVSCB) 1600/- നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ആരോഗ്യ ഇൻഷുറൻസുമായി ബന്ധപ്പെട്ട പരിപാടികൾക്ക് ക്രമീകരണങ്ങൾ ഏർപ്പെടുത്തി നൽകുന്നതിന് ഒരു ഗുണഭോക്താവിന് 2/- രൂപ നിരക്കിൽ നോഡൽ ഏജൻസിയായ ചീയാക്കിൽ നിന്ന് പഞ്ചായത്തിനു ലഭിക്കേണ്ടതായിരുന്നു. ഇതു വ്യക്തമാക്കുന്ന ജി.ഒ.(Rt)നം.977/2010/LBRതീയതി 29/05/10 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് പഞ്ചായത്ത് അധികൃതർ പ്രവർത്തിച്ചിട്ടില്ല. ആകയാൽ ഇൻഷ്വറൻസ് പരിപാടിയിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ എണ്ണം പഞ്ചായത്തിൽ ലഭ്യമല്ല. നോഡൽ ഏജൻസിയോട് അർഹതപ്പെട്ട തുക ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന്റെ രേഖകളും ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ്(നം-13) ന് മറുപടിലഭ്യമാക്കിയിട്ടില്ല. അതിനാൽ പ്രസ്തുത തുക തടസപ്പെടുത്തുന്നു.

നോഡൽ ഏജൻസിയായ ചീയാക്കിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭിച്ചതിന്റെ വിവരം ഓഡിറ്റിനു ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-5 ഇ-ടെൻഡർ-ടെൻഡർ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

2016-17 വർഷം പഞ്ചായത്തിൽ മൂന്ന് പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കിയത്. ടി പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിലുള്ള തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓൺലൈനായി ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ ഇ-ടെണ്ടർ സംബന്ധിച്ച സാമ്പത്തിക വിനിമയങ്ങൾക്കായി കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ടിയിനത്തിൽ സൂക്ഷിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റ് പേര് | എണ്ണം | കോൺട്രാക്ടർ | ടെണ്ടർ ഫോമിന്റെ വില + വാറ്റ് | പഞ്ചായത്തിന് ലഭിക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | 56/17 | ഐക്കരശാലി കൊട്ടുവത്ര റോഡ് പുനരുദ്ധാരണം-1 | 7 | സൈജു, സജി, ബിജു പീറ്റർ, അലക്സ് എം എം, കെ.ഡി സുധാകരൻ, ഷോബി എൻ., എ.ജോർജ്ജ്, ജോസഫ് വർഗ്ഗീസ് | 600+30 | 4200+120 |
| 2 | 58/17 | ഐക്കരശാലി ചെങ്ങളവൻപറമ്പ് റോഡ് പുനരുദ്ധാരണം -1 | 5 | സൈജു, സജി, ബിജു പീറ്റർ, കെ. ഡി. സുധാകരൻ, ജോസഫ് വർഗ്ഗീസ് | 500+30 | 2500+150 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 68/17 | ഐക്കരശ്ശാലി കോണിൽമുക്ക് എഴുപതിൽചിറ റോഡ് മെറ്റലിംഗ് ടാറിംഗ് -3 | 5 | സൈജു, ബിജു പീറ്റർ, കെ. ഡി സുധാകരൻ, ഷാനറ്റ്, എ. ജോർജ്ജ്, ബിനോയ് ജോസഫ്, | 1400+70 | 7000+350 |
| 4 | 109/17 | തോണിക്കടവ് പുങ്കശ്ശേരി റോഡ് ടാറിംഗ് -4 | 5 | സൈജു, ബിജു പീറ്റർ, കെ. ഡി. സുധാകരൻ, ഷോബി എൻ., എ.ജോർജ്ജ്, ബിനോയ് ജോസഫ് | 1600+80 | 8000+150 |
| 5 | 114/17 | പതിമറ്റം കോളനി നടപ്പാത നിർമ്മാണം -5 | 6 | സജി,ജിനു,ബിജു പീറ്റർ, കെ.ഡി. സുധാകരൻ, ജോസഫ് വർഗ്ഗീസ് | 500+30 | 3000+180 |
| 6 | 115/17 | പുളിക്കൽ റോഡ് പുനരുദ്ധാരണം -5 | 5 | സജി, ബിജു പീറ്റർ, , കെ. ഡി സുധാകരൻ, ഷോബി എൻ., എ.ജോർജ്ജ്, ജോസഫ് വർഗ്ഗീസ് | 500+30 | 2500+150 |
| 7 | 116/17 | കരികുളങ്ങര വട്ടക്കോട്ട റോഡ് പുനരുദ്ധാരണം -6 | 3 | ബിജു പീറ്റർ, കെ. ഡി. സുധാകരൻ, ജോസഫ് വർഗ്ഗീസ് | 500+30 | 1500+150 |
| 8 | 118/17 | വട്ടക്കോട്ട പറമ്പൂര് റോഡ് പുനരുദ്ധാരണം -6 | 7 | സൈജു, സജി, ബിജു പീറ്റർ, ബിനോയ് ജോസഫ്, കെ. ഡി. സുധാകരൻ, ഷോബി എൻ., എ.ജോർജ്ജ്, ജോസഫ് വർഗ്ഗീസ് | 700+40 | 4900+280 |
| 9 | 119/17 | പാണ്ഡവം ഇരവീശ്വരം ഗുരുക്ഷേത്രമന റോഡ് | 4 | സൈജു, , ബിജു പീറ്റർ, ബിനോയ് ജോസഫ്,, | 600+30 | 2400+120 |

| | | | | | | |
|---|---|---|---|---|---|---|
| | | റീടാറിംഗ് -6 | | ഷോബി എൻ., എ. ജോർജ്ജ് | | |
| 10 | 124/17 | തോമായിക്കുളം തെക്കേടത്തുമന റോഡ് റീടാറിംഗ് -7 | 4 | സൈജു, ബിജു പീറ്റർ, ബിനോയ് ജോസഫ്, ഷോബി എൻ., എ. ജോർജ്ജ് | 600+30 | 2400+120 |
| 11 | 125/17 | വാസുദേവപുരം പറമ്പൂരില്ലം റോഡ് കോൺക്രീറ്റ് -7 | 8 | സൈജു, സജി, ബിജു പീറ്റർ, ബിനോയ് ജോസഫ്, കെ. ഡി. സുധാകരൻ, ഷാനറ്റ്, എ. ജോർജ്ജ്, ജോസഫ് വർഗ്ഗീസ്, ഗോപീകൃഷ്ണൻ | 500+30 | 4000+240 |
| 12 | 132/17 | പുളിഞ്ചുവട് കുളിക്കടവ് റോഡ് റീടാറിംഗ് -8 | 3 | ജിനു, ബിജു പീറ്റർ, ഷോബിൻ | 500+30 | 1500+90 |
| 13 | 133/17 | വിക്ടറി വേളാശ്ശേരി റോഡ് റീടാറിംഗ് -9 | 4 | സൈജു, ബിജു പീറ്റർ, ബിനോയ് ജോസഫ്, ഷോബിൻ | 800+30 | 3200+120 |
| 14 | 134/17 | പാലത്തുംചിറ പുളിഞ്ചുവട് റോഡ് റീടാറിംഗ് -9 | 2 | ജിനു, ഷോബിൻ | 500+30 | 1000+40 |
| 15 | 135/17 | പാലത്തുംചിറ കുടയംപടി റോഡ് മെയിൻറനൻസ് -9 | 2 | ബിജു പീറ്റർ, ഗോപീകൃഷ്ണൻ | 300+20 | 600+40 |
| 16 | 136/17 | സുശീലാലയം കടമാട്ട് റോഡ് പുനരുദ്ധാരണം -103 | 2 | ബിജു പീറ്റർ, ജോസഫ് വർഗ്ഗീസ്, | 500+30 | 1000+60 |
| 17 | 137/17 | 2ചിറ്റക്കാട്ട് കോളനി നടപ്പാത കോൺക്രീറ്റ് -10 | 3 | ബിജു പീറ്റർ, ഗോപീകൃഷ്ണൻ, ജിനു ജോർജ്ജ് | 500+30 | 1500+150 |

| | | | | | | |
|---|---|---|---|---|---|---|
| 18 | 138/17 | പാലപ്പറമ്പ് തെള്ളകം നടപ്പാത പുനരുദ്ധാരണം -10 | 2 | ബിജ്ജു പീറ്റർ, ജോസഫ് വർഗ്ഗീസ്, | 500+30 | 1000+60 |
| 19 | 140/17 | പാണ്ഡവം ചിറ്റക്കാട്ട് റോഡ് റീടാറിംഗ് -10 | 3 | ജിനു ജോർജ്ജ്, ബിനോയ് ജോസഫ്, ഷോബിൻ ജോർജ്ജ് | 500+30 | 1500+90 |
| 20 | 144/17 | വാര്യത്ത്പടി തുരുത്തിക്കുളങ്ങര-തിരുവാറ്റ റോഡ് റീടാറിംഗ് -11 | 4 | ബിജ്ജു പീറ്റർ, ബിനോയ് ജോസഫ്, കെ. ഡി. സുധാകരൻ, ഷാനറ്റ്, എ. ജോർജ്ജ്, | 700+40 | 2800+160 |
| 21 | 150/17 | നന്ത്യാട്ടുപടി ഐക്കരമാലി റോഡ് മെറ്റലിംഗ്&ടാറിംഗ്-12 | 4 | ബിജ്ജു പീറ്റർ, , ബിനോയ് ജോസഫ്, കെ. ഡി സുധാകരൻ, ഷാനറ്റ്, എ. ജോർജ്ജ്, | 700+40 | 2800+160 |
| 22 | 153/17 | ഐക്കരമാലി വട്ടൂർപീടിക റോഡ് റീടാറിംഗ് -12 | 3 | ജിനു ജോർജ്ജ്, ബിനോയ് ജോസഫ്, ഷോബിൻ ജോർജ്ജ് | 500+30 | 1500+90 |
| 23 | 159/17 | പാണ്ഡവം തോപ്പിൽ റോഡ് റീടാറിംഗ്-13 | 2 | ജിനു ജോർജ്ജ്, ഷോബിൻ ജോർജ്ജ് | 500+30 | 1000+60 |
| 24 | 167/17 | പൂത്തൻമഠം നരിക്കുഴി റോഡ് പുനരുദ്ധാരണം -15 | 5 | ജിനു ജോർജ്ജ്, സജി സി, അലക്സ് എം എം, കെ ഡി സുധാകരൻ, ജോസഫ് വർഗ്ഗീസ്, | 500+30 | 2500+150 |
| 25 | 168/17 | കല്ലുമട അമ്പലം വടക്കേടത്ത് പടി റോഡ് പുനരുദ്ധാരണം-15 | 4 | സജി സി, ജിനു ജോർജ്ജ്, കെ ഡി സുധാകരൻ, ഗോപീകൃഷ്ണൻ | 500+30 | 2000+120 |

| | | | | | | |
|---|---|---|---|---|---|---|
| 26 | 172/17 | കല്ലുമട നരിക്കുഴി റോഡ് റീടാറിംഗ്-15 | 2 | ജിനു ജോർജ്ജ്, ഷോബിൻ ജോർജ്ജ് | 500+30 | 1000+60 |
| 27 | 179/17 | ചെമ്മനാട്ട് ചേരീത്ര റോഡ് പുനരുദ്ധാരണം -16 | 5 | സജി സി., ബിജു പീറ്റർ, ഷോബിൻ, എ.ജോർജ്ജ്, കെ. ഡി സുധാകരൻ, ജോസഫ് വർഗ്ഗീസ് | 500+30 | 2500+150 |
| 28 | 180/17 | ഏനാദി കോഴിപുഞ്ച റോഡ് ടാറിംഗ് -16 | 4 | ബിജു പീറ്റർ, സൈജു, ബിനോയ് ജോസഫ്, ഷാനറ്റ്, എ. ജോർജ്ജ് | 800+40 | 3200+160 |
| 29 | 181/17 | പൂവൻകുളങ്ങര കാഞ്ഞിരക്കാട്ട് കടവ് റോഡ് പുനരുദ്ധാരണം-16 | 3 | ബിജു പീറ്റർ, കെ. ഡി സുധാകരൻ, ജോസഫ് വർഗ്ഗീസ് | 500+30 | 1500+90 |
| 30 | 182/17 | അലക്കകടവ് തോണിക്കടവ് ഇടത്തിപ്പള്ളി റോഡ് മെറ്റലിംഗ് &ടാറിംഗ് -17 | 5 | ബിജു പീറ്റർ, സൈജു, ബിനോയ് ജോസഫ്, കെ. ഡി. സുധാകരൻ, ഷാനറ്റ്, എ. ജോർജ്ജ് | 800+40 | 4000+200 |
| 31 | 183/17 | അലക്കകടവ് കുരിശുപള്ളി ളുമ്പുങ്കൽ റോഡ് പുനരുദ്ധാരണം-17 | 6 | ബിജു പീറ്റർ, സൈജു, ബിനോയ് ജോസഫ്, കെ ഡി സുധാകരൻ, സാജി സി, ഷാനറ്റ്, എ.ജോർജ്ജ്, ജോസഫ് വർഗ്ഗീസ് | 600+30 | 3600+180 |
| 32 | 184/17 | ചക്കാലയിൽ റോഡ് പുനരുദ്ധാരണം -18 | 7 | ബിജു പീറ്റർ,, സജി സി., സൈജു, അലക്സ് എം എം, കെ. ഡി സുധാകരൻ, ഷാനറ്റ്, എ.ജോർജ്ജ്, ജോസഫ് വർഗ്ഗീസ് | 700+40 | 4900+280 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 33 | 188/17 | കുഴിവേലിപ്പടി പരിപ്പ് എച്ച് എസ് റോഡ് 2റീടാറിംഗ്-19 | 2 | ബിജു പീറ്റർ, ഷാനറ്റ്, എ.ജോർജ്ജ്, | 500+30 | 1000+60 |
| 34 | 191/17 | പരിപ്പ് എച്ച് എസ് പനപ്പറമ്പ് റോഡ് ടാറിംഗ്-19 | 2 | ബിജു പീറ്റർ, ഷാനറ്റ് എ ജോർജ്ജ്, | 300+20 | 600+40 |
| 35 | 280/17 | സബ്സെൻറർ ഒന്നാം നില ഗ്രിൽ നിർമ്മാണം | 1 | ഗോപീകൃഷ്ണൻ | 500+30 | 500+30 |
| 36 | 60/17 | ഭഗവതിപറമ്പ് കടവ് പുനരുദ്ധാരണം -2 | 3 | ജോസഫ് വർഗ്ഗീസ്, ബിജു പീറ്റർ, ജിനു ജോർജ്ജ് | 500+30 | 1500+90 |
| 37 | 61/17 | മേനോൻചിറകടവ് നിർമ്മാണം -2 | 2 | ബിജു പീറ്റർ, ജിനു ജോർജ്ജ് | 500+30 | 1000+60 |
| 38 | 113/17 | ചേലകരി നടപ്പാലം നിർമ്മാണം -5 | 1 | ജോസഫ് വർഗ്ഗീസ് | 700+40 | 700+40 |
| 39 | 139/17 | ചിറ്റക്കാട്ട് കോളനി നടപ്പാത സംരക്ഷണ ഭിത്തി -10 | 4 | ജോസഫ് വർഗ്ഗീസ്, ബിജു പീറ്റർ, ജിനു ജോർജ്ജ്, ഇബ്രാഹിം കുട്ടി | 1600+80 | 6400+320 |
| 40 | 157/17 | പി ജോൺ തോപ്പിൽ റോഡ് പുനരുദ്ധാരണം-13 | 3 | സൈജു, ജോസഫ് വർഗ്ഗീസ്, ബിജു പീറ്റർ | 500+30 | 1500+90 |
| 41 | 162/17 | കോട്ടമലകോളനി നടപ്പാത പുനരുദ്ധാരണം-14 | 4 | ഇബ്രാഹിം കുട്ടി , സൈജു, ജോസഫ് വർഗ്ഗീസ്, ബിജു പീറ്റർ, | 500+30 | 2000+120 |
| 42 | 206/17 | കുടമാളൂർ ഗവ. എൽ പി എസ് ശുചിമുറി | 4 | ഗോപീകൃഷ്ണൻ, ഇബ്രാഹിം കുട്ടി, ജിനു | 500+30 | 2000+120 |

| | | | | | | |
|---|---|---|---|---|---|---|
| | | പുനരുദ്ധാരണം | | ജോർജ്ജ്, ബിജു പീറ്റർ, | | |
| 43 | 207/17 | വല്ല്യാട് സെൻറ് ജോർജ്ജ് എൽ പി എസ് ശുചിമുറി നിർമ്മാണം,കുടിവെള്ള സൗകര്യം | 2 | ഇബ്രാഹിം കുട്ടി ജോസഫ് വർഗ്ഗീസ്, | 500+30 | 1000+60 |
| 44 | 208/17 | ഒളശ്ശ ഗവ എൽ പി എസിന് ഭക്ഷണമുറി നിർമ്മാണം | 2 | ഇബ്രാഹിം കുട്ടി ജോസഫ് വർഗ്ഗീസ്, | 500+30 | 1000+60 |
| 45 | 209/17 | കുമ്മനം ഗവ യു പി എസ് മെയിൻറനൻസ് | 7 | ഡില്കുഷ് വി റ്റി, ജോസഫ് വർഗ്ഗീസ്, ബിജു പീറ്റർ,ജോയൻ എ ജെ, സൈജു ജി, സജി സി, ഗോപീകൃഷ്ണൻ | 2500+130 | 17500+910 |
| 46 | 210/17 | കുടമാളൂർ സെൻറ് മേരീസ് യു പി എസ് ശുദ്ധജല വിതരണം | 0 | | 300+20 | 300+20 |
| 47 | 236/17 | കലുങ്ക് ,നടപ്പാലം മെയിന്റനൻസ് | 0 | | 500+30 | 500+30 |

ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ക്ലയിം നൽകി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 പി എച്ച് സി ക്ക് ഫർണീച്ചർ വാങ്ങൽ - ആവശ്യകത നിർണ്ണയിച്ചിട്ടില്ല - നിലവിൽ ഉപയോഗശൂന്യം - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം-6/17

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ചെലവ്- 289885 ഡി.ഡി. നം.063167/11.10.16

മേൽ പ്രോജക്ട് പ്രകാരം 289885/- രൂപ ചെലവഴിച്ച് പി.എച്ച് സി ക്ക് ഫർണിച്ചർ വാങ്ങി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. വാങ്ങിയ ഫർണിച്ചറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1. | അലമാര | 13 |
| 2. | എക്സിക്യൂട്ടീവ് ടേബിൾ | 1 |
| 3. | ഓഫീസ് ടേബിൾ | 9 |
| 4. | എക്സിക്യൂട്ടീവ് ചെയർ | 1 |
| 5. | ഓഫീസ് ചെയർ | 14 |
| 6. | പ്ലാസ്റ്റിക്ക് ചെയർ | 575 |
| 7. | റാക്ക് | 1 |

പി.എച്ച്.സി.യിൽ ഓഡിറ്റ് ടീം നേരിൽ പരിശോധിച്ചതിൽ ഇവ ഉപയോഗിക്കാതെ പൊട്ടിപ്പൊളിഞ്ഞ മുറിയിൽ കൂട്ടിയിട്ടിരിക്കുന്നതായി കാണപ്പെട്ടു. ആവശ്യകത നിർണ്ണയിക്കാതെ ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 17.07.17-ൽ നൽകിയ 12-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പി.എച്ച്.സി.ക്ക് ഫർണിച്ചർ വാങ്ങുന്നതിനായി ചെലവഴിച്ച 289885/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ - പുനരുദ്ധാരണത്തിന് പണം ചെലവഴിച്ചു

പഞ്ചായത്തിലെ വിവിധ റോഡ് പ്രവർത്തികളുടെ ഫയൽപരിശോധിച്ചതിൽ പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത റോഡുകളുടെയും നടപ്പാതകളുടെയും പുനരുദ്ധാരണത്തിന് പദ്ധതിപണം ചെലവിട്ടതായികാണുന്നു. പ്രോജക്റ്റ് പ്രഫോർമയിൽ യൂണിക്കോഡ് ഉൾപ്പെടുത്താതെയും ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ആസ്തിരജിസ്റ്ററുമായി പൊരുത്തപെടാത്ത സാഹചര്യവും നിലനിൽക്കുന്നു. എഞ്ചിനിയറിംഗ് വിഭാഗവുമായി വിഷയം ചർച്ച ചെയ്തതിൽ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികളുടെ പുനരുദ്ധാരണത്തിന് പണം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം-15) മറുപടി ലഭ്യമാക്കിയിട്ടില്ല.

.പ്രോജക്റ്റ് പ്രഫോർമ പ്രകാരംആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശങ്ങൾ | വേലമൂല്യം | ചെലവ് വിവരം |
|---|---|---|---|
| 1 | നം-S0291/17,ചേനപ്പാടി-വല്ല്യറ റോഡ് മണ്ണടി.<br>കൺവീനർ-തോമസ് ജോർജ്<br>എം.ബുക്ക്നം-112/2015-16 | 100,000/- | 92526/- |
| 2 | നം-S0292/17,ചേനപ്പാടി-വല്ല്യറ റോഡ് അഭിവൃത്തിപ്പെടുത്തൽ .<br>കൺവീനർ-തോമസ് ജോർജ്<br>എം.ബുക്ക്നം-114/2015-16 | 40000/- | 36846/- |
| 3 | പ്രോജക്റ്റ് നം-S0102/17,ചീപ്പുങ്കൽ-വട്ടകായൽ ചിറപ്പുറം ബണ്ട് ബലപ്പെടുത്തൽ<br>കൺവീനർ-രാകേഷ്.റ്റി.റ്റി,<br>എം.ബുക്ക്നം-119/16 | 225000/- | 185152/- |

ബി. ആസ്തിരജിസ്റ്ററുമായി പൊരുത്തപ്പെടാത്ത പ്രവൃത്തികൾ.

| ക്രമനം | പ്രവർത്തിയുടെ വിശദാംശങ്ങൾ | വേലമൂല്യം | ചെലവ് വിവരം | പ്രോജക്റ്റ് പ്രകാരമുള്ള റോഡും,യുണീക്ക്കോഡും | ആസ്തിരജിസ്റ്റർപ്രകാരമുള്ള യുണീക്ക്കോഡും റോഡും |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ്നം-134/16-17<br>പ്രോജക്റ്റിന്റെപേര്-പാലത്തുചിറ-പുളിഞ്ചുവട് റോഡ് റീടാറിംഗ്<br>കൺവീനർ-ഷോബിൻ.എ.ജോർജ്<br>എം.ബുക്ക്നം-32/16-17 | 250,000/- | 175,936/ | പാലത്തുചിറ- പുളിഞ്ചുവട് റോഡ് റീടാറിംഗ്(31) | മാങ്ങായിറോഡ്(31) |
| 2 | പ്രോജക്റ്റ്നം-132/16-17<br>പ്രോജക്റ്റിന്റെപേര്-പുളിഞ്ചുവട്-കുളിക്കടവ് റോഡ് റീടാറിംഗ്<br>കൺവീനർ-ഷോബിൻ.എ.ജോർജ്<br>എം.ബുക്ക്നം-31/16-17 | 150000/- | 129019/- | പുളിഞ്ചുവട്-കുളിക്കടവ് റോഡ് റീടാറിംഗ് (29) | കൊത്തുപറമ്പ് റൊഡ്(29) |
| 3 | പ്രോജക്റ്റ് നം-159/16-17<br>പ്രോജക്റ്റിന്റെപേര്-പാണ്ഡവം തോപ്പിൽറോഡ് റീടാറിംഗ്<br>കൺവീനർ-ഷോബിൻ.എ.ജോർജ്<br>എം.ബുക്ക്നം-33/16-17 | 250000/- | 22691/- | പാണ്ഡവം തോപ്പിൽറോഡ് റീടാറിംഗ് (49) | പരിപ്പ് -തൊള്ളായീരം-മാഞ്ചിറ റോഡ്( 49) |

പഞ്ചായത്തിൽ നടപ്പാക്കുന്ന പ്രോജക്റ്റുകൾ ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ആശ്രയ - പദ്ധതിപണം ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ആശ്രയ പ്രോജക്റ്റ് ഗുണഭോക്താക്കൾക്ക് അടിസ്ഥാന ജീവിത സൗകര്യങ്ങളൊരുക്കുന്നതിൽ ഫലപ്രാപ്തി കൈവരിച്ചിട്ടില്ല. 41 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി 2008-09 ൽ ആരംഭിച്ച് 2012-13ൽ അവസാനിച്ച പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ മാത്രമാണ് തൻവർഷവും നടന്നിട്ടുള്ളത്. കുടുംബശ്രീ മിഷനിൽ നിന്നും 1500000/- രൂപ ചലഞ്ച് ഫണ്ടായും വികസനഫണ്ടിനത്തിൽ 590000/- രൂപയും ഒന്നാം ഘട്ടത്തിന് ലഭിച്ചു. ഇതിൽ 120000/- രൂപ മാത്രമാണ് ചെലവഴിച്ചത് ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ആശ്രയറേഷൻ വിതരണം, പോഷകാഹാരകിറ്റ്

വിതരണം എന്നിവയാണ് പ്രധാനമായും നടത്തിയിട്ടുള്ളത്. 2014-17 കാലയളവിലേയ്ക്കായി തയ്യാറാക്കി അംഗീകാരം നേടിയ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. ഇതിലേക്ക് 400000 രൂപ വികസനഫണ്ടും 968482/- രൂപ കുടുംബശ്രീ മിഷനിൽ നിന്നും ചലഞ്ച് ഫണ്ടായും ലഭിച്ചിട്ടുണ്ട്. എസ്.ബി.ഐ. അയ്മനം ശാഖയിലുള്ള ആശ്രയപദ്ധതി അക്കൗണ്ട് (A/C NO.57052232053) പാസ്സ് ബുക്ക്, പദ്ധതിയുടെ കാഷ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 1-6-17 -ൽ 3317613/- രൂപ നീക്കിയിരിപ്പുണ്ട്. ടി തുകയിൽ 87000/- രൂപ പദ്ധതിവിഹിതമിനത്തിൽ ലഭിച്ച തുകയും ഉൾപ്പെടുന്നു. പ്രത്യേക പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടും നടപ്പാക്കാതെ വികസനഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. 2014-17 കാലയളവിലേയ്ക്കായി തയ്യാറാക്കി അംഗീകാരം നേടിയ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. 3 ഗുണഭോക്താൾ വീട് വയ്ക്കാൻ സ്ഥലത്തിനും 5 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനും 17 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിനും 19 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനും അർഹതയുണ്ടെങ്കിലും നാളിതുവരെ ഒരാനുകൂല്യവും നൽകിയിട്ടില്ല. അവശതയനുഭവിക്കുന്നതും ആലംബഹീനരുമായ ജനതയ്ക്ക് അടിസ്ഥാന ജീവിത സൗകര്യമൊരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## **3-9** ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ബ്ളോക്ക് പഞ്ചായത്ത് വിഹിതം -നാളിതുവരെ ഗുണഭോക്താക്കൾക്ക് നല്കിയില്ല

പ്രോജക്ട് നം - 44/17

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ- വികസന ഫണ്ട് (ജനറൽ) -500000

ജില്ലാ പഞ്ചായത്ത് വിഹിതം -250,000

ബ്ളോക്ക് പഞ്ചായത്ത് വിഹിതം -250000

ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ ബ്ളോക്ക് പഞ്ചായത്ത് വിഹിതമായ 250000 രൂപ ട്രഷറി ചെക്ക് നം 27080881/30.3.17 പ്രകാരം ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് നല്കിയിട്ടുണ്ട് . എന്നാൽ ടി തുക നാളിതുവരെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. ടി തുക ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ പേരിൽ SBT യിൽ തുടങ്ങിയ അക്കൗണ്ടിൽ (അക്കൗണ്ട് നം.368432717490) 27.6.1-ൽ നിക്ഷേപിച്ചതായി കാണുന്നു. 30.3.17 ൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് കൈമാറിയ ടി തുകനാളിതുവരെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്തതിനും സൂപ്പർവൈസറുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങി ടി തുക നിക്ഷേപിച്ചതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7) മറുപടിയായി ടി തുക ട്രഷറിയിൽ സമർപ്പിച്ചിരുന്നു എന്നും ഒരു ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചാൽ മാത്രമേ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാനാവൂ എന്ന് ട്രഷറി ഓഫീസിൽ നിന്നുള്ള അറിയിപ്പ് പ്രകാരമാണ് ബാങ്ക് അക്കൗണ്ടിൽ തുക നിക്ഷേപിച്ചതെന്ന് മറുപടി നല്കി. ടി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാനായി 17.7.17ലാണ് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിനു ശേഷം) ബാങ്കിൽ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളത്. ഓഡിറ്റ് വേളയിലും തുക ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ടി 250000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-10** അങ്കണവാടി പോഷകാഹാരം - ബിൽ പ്രകാരമുള്ള മുഴുവൻ സാധനങ്ങളും ലഭിച്ചില്ല

പ്രോജക്ട് നം - 44/17

നിർവ്വഹണ ഉദ്യോഗസ്ഥ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ- വികസന ഫണ്ട് (ജനറൽ) -1500000

കേന്ദ്രാവിഷ്കൃതം -6,00,000

വികസന ഫണ്ട് (എസ്.സി.പി) -200000

അങ്കണവാടി പോഷകാഹാരം എന്ന പ്രോജക്ടിനു വേണ്ടി വാങ്ങിയ സാധനങ്ങളുടെ അളവും സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത സാധനങ്ങളുടെ അളവും തമ്മിൽ

വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ ചെക്ക് നം. | ഇൻവോയ്സ് നം. | ഇൻവോയ്സ് പ്രകാരമുള്ള സാധനത്തിന്റെ അളവ്/വില | ഐ.സി. ഡി.എസ്. സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | കുറവ് | കുറവ് വന്ന സാധനങ്ങളുടെ വില |
|---|---|---|---|---|---|---|
| 2 | 7/30.3.17 | 3908/23.3.17 -362507 അയ്മനം വില്ലേജ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | ഉഴുന്ന് 210 kg@110/- | 199 | 11 | 1210 |

ടി വ്യത്യാസങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 362507/-രൂപ ബിൽ തുകയിൽ 345977/- രൂപ മാത്രമേ നല്കിയിട്ടുള്ളൂ എന്നും ഇനിയും നല്കാനവശേഷിക്കുന്ന 16530/-രൂപയിൽ നിന്നും 1210/-രൂപ കിഴിച്ചുള്ള തുക മാത്രമേ നല്കുകയുള്ളൂ എന്നും മറുപടി നല്കി. ലഭിക്കാത്ത സാധനത്തിന്റെ വിലയായ 1210/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബിൽ തുക ക്രമീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ ലഭ്യമാക്കിയതിൽ കുറവ്

പ്രോ.നം.121/17 പ്രോ.തുക.:200000-

ബിൽ നം.3/16-17 91337-രൂപ ബിൽ മാറിയ തീയതി: 30-11-16

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പി.എച്ച്.സിക്ക് മരുന്നു വാങ്ങുന്നതിനായി 91337/-രൂപ 064239/01-12-2016 നം. ഡി.ഡി.പ്രകാരം കെ.എം.സി.എൽ ജനറൽ മാനേജർക്ക് നല്കിയിട്ടുണ്ട്. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നാളിതുവരെ ലഭിച്ച മരുന്നുകളിൽ 14922/-രൂപയുടെ മരുന്നുകൾ കുറവുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1) 14922/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ലായെന്ന് മറുപടി നല്കിയിട്ടുണ്ട്. ആയതിനാൽ 14922/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ആയുർവേദ മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നം-35/17

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ചെലവ്-400000/-

മേൽ പ്രോജക്റ്റ് പ്രകാരം 400000 രൂപ ഡി.ഡി.നം.915118/02.02.17 പ്രകാരം ഔഷധിക്ക് നൽകിയിട്ടുണ്ട് എന്നാൽ 2,43,893 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. invoiceൽ സ്റ്റോക്ക് എൻട്രി വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ മരുന്നുകളുടെ സ്റ്റോക്ക് പരിശോധിക്കാൻ സാധിച്ചില്ല. മരുന്നുകളുടെ അഭാവം മൂലമാണ് പൂർണ്ണമായും സപ്ലൈ ചെയ്യാഞ്ഞതെന്നും ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും ബില്ലിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കി. ലഭിക്കാത്ത മരുന്നുകളുടെ വിലയായ 156107/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 നിക്ഷേപപ്രവൃത്തികൾ-വിനിയോഗവിവരം ലഭ്യമല്ല

വാർഷികപദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ,പോസ്റ്റ് ഷിഫ്റ്റിങ്ങ് തുടങ്ങിയ പ്രവർത്തികൾക്കായി ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള തുക നിർവ്വഹണ എജൻസികൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്നും നിർവ്വഹണപുരോഗതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല . 2016-17 വർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി നിർവ്വഹണഎജൻസികൾക്ക് കൈമാറിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക | ബിൽ.നമ്പർ | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| So230/17 പോസ്റ്റ് ഷിഫ്റ്റിങ്ങ് | സെക്രട്ടറി | 222178 | 49017416/21/2/17 | അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, അയ്മനം |
| SO 226/17 സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | സെക്രട്ടറി | 500000 | 490185/25.02.17 | അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, അയ്മനം |
| | | 4500000 | 490184/16 /25.2.17 | അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, അയ്മനം |
| | | 193997 | 4901208/30.03.17 | അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കുമരകം |
| | | 146500 | 21601365/31.03.17 | അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ഗാന്ധിനഗർ |
| | | 853500 | 21601364/31.03.17 | അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ഗാന്ധിനഗർ |
| ആകെ | | 6416175 | | |

മേൽപ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത പക്ഷം നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങൾ ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പ്രോജക്ടുകളുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

## 3-14 ജലനിധി

2016-17 വർഷം ഗ്രാമപഞ്ചായത്ത് ചെലവിട്ട തുകയുടെയും വരവുവന്ന തുകയുടേയും വിവരം താഴെ ചേർക്കുന്നു.

മുന്നിരിപ്പ് (01.04.2016-ൽ) – 7570582.00
വരവ് (2016-17) – 20735680.50
ആകെ – 28306262.50
ചെലവ് (2016-17) – 3614536.00
നീക്കിയിരിപ്പ് – 24691726.50

ജലനിധിക്കു കീഴിൽ 41 ഗുണഭോക്തൃ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. ഇവയുടെ ബാങ്ക് അക്കൗണ്ടുകളിലായി ആകെ 1888640/- രൂപ അവശേഷിക്കുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ഗുണഭോക്തൃ സമിതിയിൽ നിന്നുമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച മാസ്റ്റർ ഗുണഭോക്തൃ ഗ്രൂപ്പ് നടപ്പിലാക്കുന്ന 'വർഷ എസ്.എൽ.ഇ.സി.കുടിവെള്ള പദ്ധതി' മാത്രമാണ് പഞ്ചായത്തിൽ നടപ്പിലാക്കി കൊണ്ടിരുന്നത്. ഈ കുടിവെള്ള പദ്ധതിയ്ക്കായി 2016-17-ൽ 9180435/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ഗുണഭോക്തൃ സമിതി അക്കൗണ്ടിൽ 6083982/- രൂപ ബാക്കി നിൽക്കുന്നു. ലക്ഷങ്ങൾ ജലനിധിയ്ക്കായി ചെലവിട്ടുമ്പോഴും പ്രതിവർഷം 1 ലക്ഷം രൂപയ്ക്കടുത്ത് വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്ന സ്ഥിതി

നിലനിൽക്കുന്നു.

## 3-15 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17 വർഷം 201 പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി ലഭിച്ചിരുന്നു. ഇവയിൽ 146 എണ്ണമാണ് നടപ്പാക്കിയത്. സാമ്പത്തികവർഷം 75657 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1349 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഗ്രാമപഞ്ചായത്തിലെ 20 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. തോട് ആഴംകൂട്ടൽ, പുറംബണ്ട നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. പദ്ധതി പ്രകാരമുള്ള വരവു ചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14021 |
| വരവ് | 27491527 |
| പലിശ | 3421 |
| ആകെ | 27508969 |
| ചെലവ് | 27485587 |
| നീക്കിയിരിപ്പ് | 23382 |

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ഫയലുകളുടെയും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ വളരെ അലംഭാവത്തോടും അലക്ഷ്യവുമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഫയലുകളും ക്യാഷ്ബുക്ക് ഉൾപ്പെടെയുള്ള അനുബന്ധ രേഖകളും അതീവ ജാഗ്രതയോടെ സൂക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 30.03.2017 | 250000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 250000/- | 0 |
| ജില്ലാ പഞ്ചായത്ത് | 31.03.2017 | 1000000/- | ജലനിധി | 1000000/- | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 18.04.2015. | 798500/- | എസ്.സി.സ്ഥലം വാങ്ങൽ പദ്ധതി | 0 | 798500/- |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | വൈദ്യുതി ലൈൻ നീട്ടൽ | 6193997/- | 6193997/- | 0 |
| കെ എസ് ഇ ബി | വൈദ്യുതി ലൈൻ നീട്ടൽ | 222178 | 222178 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് v

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവുചെലവില്ല.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇനത്തിൽ തൻവർഷം ലഭിച്ച 2600/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 1999-2000 | 2.1 | 600 | ബി.കുഞ്ഞുമോൻ,കെ.എസ്. ഇ. ബി, അയ്മനം. | 11601102312/20/07/2016 |
| 1999-2000 | 3.1 | 133 | സെക്രട്ടറി അയ്മനം | 11601102316/20/07/2016 |
| 1999-2000 | 3.2 | 355 | കെ.കെ.ഭാസ്കരൻ | 1160110215/07/07/2016 |
| 1999-2000 | 3.3 | 600 | തങ്കമ്മ കുര്യൻ | 11601102556/4/8/16 |
| 1999-2000 | 3.3 | 912 | കെ.കെ.ഭാനു | 11601102512/1/8/2016 |
| ആകെ | | 2600 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡി കനം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 3-1 | 2004-05 | 2-4 | കളിസ്ഥലം നിർമ്മാണത്തിൽ ക്രമക്കേടുകൾ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ്. |
| 1999-2000,2001-02 | 17 | 2004-05 | 2-4 p.42 | കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല. | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ്. |
| 2008-09 | 3-8 | 2010-11 | 2-14 | കെ.എസ്.ഇ.ബി. | അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | | ഡെപ്പോസിറ്റ് വർക്ക് | കമ്മറ്റിയുടെ പരിഗണയിലാണ്. |
| 2014-15 | 4.1.5,p.26 | 2012-13 | - | നിഷ്ക്രിയാസ്ഥികൾ -വനിതാ വ്യവസായകേന്ദ്രം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണ യിലാണ്. |
| 2014-15 | 4.1.7.p.33 | 2013-14 | 3-13 | കുടിവെള്ള പദ്ധതികൾ. | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 88,235,859 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69,338,826 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13081 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7195439 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13081 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 65540 | ശ്രീ.അന ജി.വർഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 1600 | ശ്രീ.ബി.റ്റി.ജയകുമാർ, സെക്രട്ടറി-ഇൻ-ചാർജ് |
| 3-6 | 289885 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 3-9 | 250000 | ശ്രീമതി ത്രേസ്യാമ്മ, ഐസിഡിഎസ് സൂപ്പർ വൈസർ |
| 3-10 | 1210 | ശ്രീമതി ത്രേസ്യാമ്മ, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-11 | 14922 | ശ്രീമതി അമ്പിളി ടോം, മെഡിക്കൽ ഓഫീസർ |
| 3-12 | 156107 | ശ്രീ.അരുൺകുമാർ എൻ.,സെക്രട്ടറി |
| 3-14 | 6416175 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 7195439 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി | അയ്മനം ഗ്രാമപഞ്ചായത്ത് അയ്മനം പി.ഒ. | ആർക്കേജ് വിഹാർ, പുന്നപറമ്പിൽ, കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 98-99 ചെലവ് | എൽ. എഫ്.കെ.പി.3/382/02/5.2.07 |
| 99-00, 00-01, 01-02 പ്ലാൻ | എൽ. എഫ്.കെ.പി.10/1291/11/16.6.12 |
| 02-03 ചെലവ് | എൽ. എഫ്.കെ.പി.4/65/06/26.12.06 |
| 96-97 വരവ് | എൽ. എഫ്.കെ.പി.4/509/07/26.7.07/1.10.07 |
| 98-99 വരവ് | എൽ. എഫ്.കെ.പി.4/511/07/5.10.09/6.11.09 |
| 99-00 വരവ് | എൽ. എഫ്.കെ.പി.4/512/07/5.10.09/6.11.09 |
| 00-01 | എൽ. എഫ്.കെ.പി.4/513/07/27.10.07/7.12.07 |
| 01-02 വരവ് | എൽ. എഫ്.കെ.പി.4/149/09/11.8.10/9.9.10 |
| 02-03 വരവ് | എൽ. എഫ്.കെ.പി.4/150/09/6.10.09/6.2.10 |
| 02-03 ചെലവ് | എൽ. എഫ്.കെ.പി.4/65/06/26.12.06 |
| 03-04 വരവുചെലവ് | എൽ. എഫ്.കെ.പി.4/151/09/6.10.09/3.7.10 |
| 04-05 വരവുചെലവ് | എൽ. എഫ്.കെ.പി.4/1075/09/11.3.10/4..8.10 |
| 05-06 വരവുചെലവ് | എൽ. എഫ്.കെ.പി.4/1076/09/11.3.10/4.8.10 |
| 06-07 വരവുചെലവ് | എൽ. എഫ്.കെ.പി.4/1444/09/15.11.10/11.1.11 |

| | |
|---|---|
| 07-08 വരവുചെലവ് | എൽ. എഫ്.കെ.പി.10/1291/11/16.6.12 |
| 08-09 വരവുചെലവ് | എൽ. എഫ്.കെ.പി.10/1446/09/16.8.10/11.1.11 |
| 09-10 വരവുചെലവ് | എൽ. എഫ്.കെ.പി.10/310/12/06.09.12/06.10.12 |
| 10-11 വരവുചെലവ് | എൽ. എഫ്.കെ.പി.10/286/13/13.4.13 |
| 11-12 വരവുചെലവ് | എൽ. എഫ്.കെ.പി.10/286/13/13.04.13 |
| 12-13വരവുചെലവ് | എൽ. എഫ്.കെ.പി.10-504/15/ 28.05.15 |
| 13-14വരവുചെലവ് | കെ.എസ്.എ.കെ.റ്റി.എം പി10/ 256/15 16.02.16 |
| 2014-15 വരവുചെലവ് | കെ.എസ്.എ.കെ.ടി.എം പി10/1123/16/4.8.16 |
| 2014-15 വരവുചെലവ് | കെ.എസ്.എ.കെ.ടി.എം പി10/464/2017/29.5.17/01.06.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.9/1210/2017

കേരള സംസ്ഥാന ഓഡിറ്റ വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 14.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അയ്മനം ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ വകുപ്പ്